എമ്മാവൂസ് വചനദൂത്
Vol. VIII Issue : 60



# ഉയിർപ്പ് ഏഴാം ഞായർ

“ഉത്ഥിതനായ ഈശോ തന്റെ ഇഹലോകജീവിതം അവസാനിപ്പിച്ച് പിതാവിന്റെ സന്നിധിയിലേക്ക് പോകുകയാണ്. കഴിഞ്ഞ 3 വർഷങ്ങളിലെ പ്രബോധനത്താലും, പ്രവൃത്തിയാലും വഴി നടത്തി രക്ഷയുടെ മാർഗ്ഗം തെളിയിച്ചു. പക്ഷേ, തന്റെ കാലത്തിന് ശേഷം ശ്ലീഹന്മാരെ ഭരമേല്പിക്കുക മാത്രമാണ് ചെയ്യേണ്ടത്. അതുകൊണ്ട് ഉത്ഥിതൻ അവരെ അടുത്തുവിളിച്ച്

മർക്കോ 16:14 – 20

ബ്രദർ ചാക്കോ വടക്കേതലക്കൽ MCBS

ഭൂവാസികളെ പ്രകാശിപ്പിക്കാനുള്ള ദൗത്യം അവരെ ഭരമേല്പിക്കുന്ന രംഗമാണ് മർക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായം 14 മുതൽ 20 വരെയുള്ള രംഗം ചിത്രീകരിച്ചിരിക്കുക. യോഹന്നാൻ 23-ാം പാപ്പാ പറയുന്നു. “ഈ ലോകത്തിൽ ഓരോ വിശ്വാസിയും പ്രകാശത്തിന്റെ ഒരു സ്ഫുലിം

ഗവും, സ്നേഹത്തിന്റെ ഒരു കേന്ദ്രവും, സഹജീവികളുടെയിടയിൽ ജീവസംദായകമായ പുളിമാവും ആയിരിക്കുന്നു."

മർക്കോസ് സുവിശേഷ ഭാഷ്യമനുസരിച്ച് ക്രിസ്തു തന്റെ 3 വർഷക്കാലം അവരെ ഈ ദൗത്യത്തിനായി ഒരുക്കുകയായിരുന്നു. എന്നിട്ടും ഒരു 'ക്രിസ്തു സാക്ഷിയാകാൻ തക്കവിധം 2 കുറവുകളാണ് ക്രിസ്തു പറഞ്ഞുവയ്ക്കുക.

1) ഹൃദയകാഠിന്യം

2) വിശ്വാസരാഹിത്യം

താൻ ഉയിർത്തതിനുശേഷം പലർക്കും പ്രത്യക്ഷപ്പെട്ടിട്ടും അതൊന്നും ശിഷ്യർക്ക് വിശ്വാസത്തിന്റെ മാർഗ്ഗമായില്ല. ഇതുകൊണ്ടാണ് ഈശോ അവരെ കുറ്റപ്പെടുത്തുക.

'ഹൃദയം കഠിനമാക്കുക' അത് പഴയനിയമകാലം മുതൽ കാണുന്നതാണ്. മോശയുടെ ചരിത്രത്തിലെ ഫറവോരാജാവും, പിന്നീട് രാജാക്കന്മാരുടെ ചരിത്രത്തിലെ സാവൂളും എല്ലാം ഇതിന് ഉദാഹരണങ്ങളാണ്. വി.പൗലോസ് അപ്പസ്തോലന്റെ ഭാഷ്യത്തിൽ ഹൃദയം കഠിനമാക്കുക എന്നത് ദൈവഹിതത്തിനും, ദൈവിക വെളിപ്പെടുത്തലുകൾക്കും എതിരെയുള്ള മനുഷ്യന്റെ നിലപാടുകളെ സൂചിപ്പിക്കുന്നു. (റോമാ. 1:18-32).

എന്തിനായിരിക്കാം, ഇപ്രകാരം ഒരവസ്ഥയിലൂടെ ശിഷ്യർ കടന്നുപോയത് എന്നുകൂടി ചിന്തിക്കാം. ശിഷ്യർ ഈശോയുടെ ഉത്ഥാനരഹസ്യം പ്രഘോഷിക്കേണ്ടവരാണ്. പ്രഘോഷിക്കുമ്പോൾ ചിലരെങ്കിലും അവരുടെ സാക്ഷ്യത്തെ അവിശ്വസിച്ചു എന്ന് വരാം.

അപ്പോൾ പതറാതെ, തളരാതെ, യേശു സാക്ഷ്യങ്ങൾക്കപ്പുറം ഇന്നും, എപ്പോഴും ഏവർക്കും പ്രത്യക്ഷപ്പെടുവാൻ കഴിയുന്നവനാണ് എന്ന വിശ്വാസം അവരെ നയിക്കണം.

സ്നേഹമുള്ളവരെ, ക്രിസ്താനുഭവങ്ങൾ ഉള്ളവരെന്ന് സ്വയം കരുതുന്ന നാം പലപ്പോഴും ക്രിസ്താനുഭവമുള്ള മറ്റുള്ളവരെ കാണാൻ തയ്യാറാകുന്നില്ല. പലപ്പോഴും കണ്ണാടിക്കുള്ളിൽ തന്നെ നോക്കി നിൽക്കുന്ന, എന്റെ മാത്രം ലോകത്താണ് നമ്മൾ. പക്ഷേ, അതിനപ്പുറം ഒരു ലോകമുണ്ടെന്ന് നാം അറിയണം.

ഈശോയെ കണ്ടവരുടെ സാക്ഷ്യങ്ങൾ വിശ്വസിക്കാൻ മടി കാണിച്ച ശിഷ്യരെ തന്നെയാണ് ക്രിസ്തു സുവിശേഷം പ്രസംഗിക്കാൻ അയ്ക്കുക. ഇനി ക്രിസ്തുവിനെ തേടി പോകേണ്ടതില്ല. അവൻ അവരോടൊപ്പം തന്നെയുണ്ട്. സ്വാർത്ഥതയുടെയും, വിശ്വാസരാഹിത്യത്തിന്റെയും, ഹൃദയ കാഠിന്യത്തിന്റെയും കണ്ണുകൾ മെല്ലെ അടച്ച് ഒരു പുതുലോകത്തേയ്ക്കു നിന്റെ കണ്ണുകളെ തുറക്കുക. ഇന്നത്തെ മനുഷ്യന്റെ പച്ചയായ ജീവിതസാഹചര്യങ്ങളിൽ ക്രിസ്തു അനുഭവത്തെ അടയാളപ്പെടുത്തുന്ന മനുഷ്യരെ തിരിച്ചറിയാനാകണം. അങ്ങനെ ഒരു നവസുവിശേഷവത്കരണത്തിന്റെ വാതിലുകൾ നമുക്ക് തുറക്കാം.